**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6549** **11-11-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തിൽ പാലക്കാട് ജില്ലയിൽ നിന്നും കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | 2021-22 വർഷത്തിൽ പാലക്കാട് ജില്ലയിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു. ഒന്നാം വർഷം 1) ശ്രീകൃഷ്ണപുരം 2) എരുത്തെമ്പതി 3) കോട്ടായി, പെരിങ്ങോട്ടുകുറിശ്ശി എന്നീ പഞ്ചായത്തുകളിലായി ഒരു കേരഗ്രാമം നടപ്പിലാക്കുന്നു. 4) വിളയൂർ 5) മാത്തൂർ 6) കാവശ്ശേരി കൂടാതെ താഴെ പറയുന്ന പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതിയുടെ 2-ാം വർഷ, മൂന്നാം വർഷ പ്രവർത്തനങ്ങളും ഈ വർഷം നടന്നു വരുന്നു. രണ്ടാം വർഷം (2020-21-ൽ ആരംഭിച്ച കേരഗ്രാമം പദ്ധതി) 1. മുതുതല മൂന്നാം വർഷം (2019-20-ൽ ആരംഭിച്ച കേരഗ്രാമം പദ്ധതി) 1) വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലായി ഒരു കേരഗ്രാമം നടപ്പിലാക്കി 2) കൊല്ലങ്കോട് 3) തച്ചൻപാറ 4) പരളൂർ |
| (ബി) | പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ? | (ബി) | 2021-22 വർഷത്തിൽ പുതുതായി തിരഞ്ഞെടുത്ത ശ്രീകൃഷ്ണപുരം, എരുത്തെമ്പതി, കോട്ടായി, പെരിങ്ങോട്ടുകുറിശ്ശി, മാത്തൂർ, വിളയൂർ, കാവശ്ശേരി എന്നീ കേരഗ്രാമങ്ങളിൽ ആരംഭിച്ച ഒന്നാം വർഷ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. തെങ്ങിൻതോട്ടങ്ങളിൽ തടം തുറക്കൽ-പുതയിടീൽ, രാസവള-ജൈവവള വിതരണം, തെങ്ങിൻതോട്ടങ്ങളിൽ ജലാംശം നിലനിർത്തുവാൻ തൊണ്ട് കുഴിച്ചിടീൽ പ്രവർത്തനങ്ങൾ, ഉത്പാദനക്ഷമത നശിച്ചതും, രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി, സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ അവലംബിക്കൽ, തെങ്ങ്കയറ്റയന്ത്രങ്ങളുടെ വിതരണം, ജൈവവള നിർമ്മാണ യൂണിറ്റുകളുടെ നിർമ്മാണം, പഞ്ചായത്തുതല കേരസമിതികൾക്കുള്ള സഹായവും രൂപീകരണവും എന്നീ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 301.02 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. (ഒരു കേരഗ്രാമത്തിന് 50.17 ലക്ഷം രൂപ പദ്ധതി വിഹിതം എന്ന നിരക്കിൽ) മുതല പഞ്ചായത്തിൽ കേരഗ്രാമം രണ്ടാം വർഷ പ്രവർത്തനങ്ങളായ തടം തുറക്കൽ, ജൈവവള വിതരണം, പമ്പ് സെറ്റ് നൽകൽ, ഇടവിളകൃഷി എന്നീ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനായി 20.0085 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേരഗ്രാമം മൂന്നാം വർഷ പ്രവർത്തനങ്ങളായ രാസവളം/ ജൈവവളം വിതരണം വടക്കഞ്ചേരി - കണ്ണമ്പ്ര, കൊല്ലങ്കോട്. തച്ചൻപാറ, പരളൂർ എന്നീ പഞ്ചായത്തുകളിൽ പുരോഗമിച്ചു വരുന്നു. ഇതിനായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (ഒരു കേരഗ്രാമത്തിന് 6.25 ലക്ഷം രൂപ പദ്ധതി വിഹിതം എന്ന നിരക്കിൽ) |

സെക്ഷൻ ഓഫീസർ